**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3184 — 28.01.2014-ലെ മറുപടിക്ക്

**ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** | |
| **(എ)** | ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതെന്നാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | **(എ)** | 07.07.2011-ലെ സ.ഉ.(സാധാ)നമ്പർ. 900/ 2011/പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| **(ബി)** | ഭരണാനുമതി നൽകിയതിനെ തുടർന്ന് പ്രസ്തുത പാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | **(ബി)** | ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, അലൈൻമെന്റ് പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| **(സി)** | സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും പൂർത്തിയാക്കിയിട്ടും പാലം നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ അറിയിക്കുമോ; | **(സി)** | സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കിയിട്ടില്ല. |
| **(ഡി)** | പാലം നിർമ്മാണത്തിന്റെ ഫണ്ടിംഗ് ഏജൻസിയായ നബാർഡ് നിർമ്മാണത്തിന്റെ കാലതാമസത്തെക്കുറിച്ച് എന്തെങ്കിലും പരാമർശങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതെന്താണെന്ന് അറിയിക്കുമോ; | **(ഡി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **(ഇ)** | പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | **(ഇ)** | ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**